(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും ഗൂഢാലോചന നടന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത അന്വേഷണത്തിന് നേതൃത്വം നൽകുന്നത് എന്നു വെളിപ്പെടുത്തുമോ ;

(എഫ്) ഏതെല്ലാം ഏജൻസികളാണ് അന്വേഷണം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കുമിളി പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി. 174-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് സി.ഐ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഡി) അന്വേഷണം നടന്നുവരികയാണ്.

(ഇ) എറണാകുളം ക്രൈംബ്രാഞ്ച് സി.ഐ.ഡി., എച്ച്.എച്ച്.ഡബ്ല്യു.-II പോലീസ് സൂപ്രണ്ട് ശ്രീ. എസ്. സുരേന്ദ്രന്റെ നേതൃത്വത്തിൽ ഡി.വൈ.എസ്.പി. ശ്രീ. എം. ജോൺസൺ ജോസഫ് അന്വേഷണം നടത്തിവരുന്നു.

എറണാകുളം ക്രൈംബ്രാഞ്ച് സി.ഐ.ഡി.-യിലെ എച്ച്.എച്ച്.ഡബ്ല്യു.-II വിഭാഗമാണ് അന്വേഷണം നടത്തുന്നത്.

സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി

24 (1490) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളുടെ സ്വഭാവവും വ്യാപ്തിയും വർദ്ധിക്കുന്നതിനാൽ ഫയർ & റെസ്ക്യൂ സർവ്വീസിലെ ജീവനക്കാർക്ക് ആധുനിക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) പുല്ലുമേട് ദുരന്തംപോലെയുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ തിക്കുംതിരക്കുമുള്ള പ്രദേശങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) വെടിക്കെട്ട് നടത്തുന്ന പ്രദേശങ്ങളിൽ ആവശ്യമായ സുരക്ഷാ നടപടി സ്വീകരിക്കുന്നത് കർശനമായി പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആധുനിക പരിശീലനം ഇപ്പോൾ നൽകുന്നുണ്ട്.

(ബി) വിശദമായ പഠനം നടത്തി ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വെടിക്കെട്ട് നടത്തുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ അഗ്നിശമന രക്ഷാസേവന വകുപ്പും പോലീസ് വകുപ്പും കർശന പരിശോധനകൾ നടത്തിയശേഷമാണ് അനുവാദം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Page 1